# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 07 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok

---

**പെർമിറ്റ് ഇല്ലാതെ ശബരിമലയിലെത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ നടപടിയെടുക്കും : മന്ത്രി എ.കെ ശശീന്ദ്രൻ**

പെർമിറ്റ് ഇല്ലാതെ തീർഥാടകരുമായി ശബരിമലയിലെത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ നടപടിയെടുക്കാൻ ഗതാഗത മന്ത്രി എ.കെ ശശീന്ദ്രൻ മോട്ടോർ വാഹന അധികൃതർക്ക് നിർദേശം നൽകി. പമ്പയിൽ നടന്ന അവലോകന യോഗത്തിലാണ് നിർദേശം.

തീർഥാടകരുമായി എത്തുന്ന ഓട്ടോറിക്ഷകളുടെ നമ്പർ രേഖപ്പെടുത്തിയശേഷം ബന്ധപ്പെട്ട ജില്ലയിലെ ആർ.ടി ഓഫീസുകൾക്ക് ഇത് കൈമാറും. അതതു ജില്ലകളിലായിരിക്കും നടപടികൾ സ്വീകരിക്കുക. തുടക്കത്തിൽ പിഴ ഈടാക്കാനാണ് നിർദേശം. ഓട്ടോറിക്ഷകൾക്കെതിരെ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് സംസ്ഥാനത്തെ ആർ.ടി ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രചാരണം നൽകണം. വാഴക്കുലയും തേങ്ങയും വച്ച് അലങ്കരിച്ചുവരുന്ന ഓട്ടോറിക്ഷകൾ ആനകളെ ആകർഷിക്കുകയും ഇത് അപകടത്തിന് വഴിയൊരുക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നടപടി.

ഇരുചക്രവാഹനങ്ങളിൽ ഹെൽമറ്റില്ലാതെ വരുന്നവർക്കെതിരെയും നടപടിയുണ്ടാവും. തീർഥാടകരുമായി കൂടുതൽ ഓട്ടോറിക്ഷകൾ എത്തുന്നത് കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നാണെന്ന് പോലീസ് ഉദ്യോഗസ്ഥർ മന്ത്രിയെ അറിയിച്ചു. പെർമിറ്റില്ലാത്ത ഓട്ടോറിക്ഷകൾ ശബരിമലയിൽ അപകടത്തിൽപ്പെട്ടാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കില്ല. ശബരിമല സേഫ്സോണിന്റെ പ്രവർത്തനം മന്ത്രി വിലയിരുത്തി.

തീർഥാടകരുടെ വാഹനങ്ങൾ പുറപ്പെടുന്ന സ്ഥലത്ത് ഫിറ്റ്നസ് പരിശോധിക്കുന്നത് പരിഗണിക്കണമെന്ന് മന്ത്രി നിർദേശിച്ചു. പത്തനംതിട്ട, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ തീർഥാടകർക്ക് സ്വൈപ്പിംഗ് മെഷീൻ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി ബസ് ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാനം ഫെഡറൽ ബാങ്കുമായി ചേർന്ന് ഒരുക്കും. ഇതിനായി കെ.എസ്.ആർ.ടി.സിയും ഫെഡറൽ ബാങ്കും കരാറായി.

തീർഥാടന പാതയിൽ ഒരു ഫോൺ കോളിൽ ആംബുലൻസ് സേവനം ലഭിക്കുന്നതിനുള്ള സംവിധാനം പരിഗണിക്കണമെന്ന് മന്ത്രി പറഞ്ഞു. സ്വകാര്യ ആശുപത്രികളുടെ ആംബുലൻസ് സേവനവും പ്രയോജനപ്പെടുത്തണം. ശബരിമല മേഖലയിൽ ലഹരി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കണം. രാത്രി കാലങ്ങളിൽ അപകടം ഒഴിവാക്കുന്നതിന് തീർഥാടക വാഹനങ്ങളിൽ ചുക്കുകാപ്പി നൽകുന്നതിന് കുടുംബശ്രീയുടേയും അയ്യപ്പസേവാ സംഘത്തിന്റെയും സേവനം പ്രയോജനപ്പെടുത്തുന്നതു പരിശോധിക്കണം.

ഇക്കൊല്ലത്തെ തീർഥാടന കാലയളവിൽ കെ.എസ്.ആർ.ടി.സിയുടെ വരുമാനം വർധിച്ചിട്ടുണ്ട്. 70 ജൻറം ബസുകൾ, 57 ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ്, അഞ്ച് എ.സി, 15 ശബരി ബസുകളാണ് ഇത്തവണ സർവീസ് നടത്തുന്നത്. ഇതിനു പുറമേ നിലയ്ക്കൽ പമ്പ റൂട്ടിൽ പ്രതിദിനം 648 സർവീസുകൾ കെ.എസ്.ആർ.ടി.സി നടത്തുന്നു. ഇതുവരെ 982514 യാത്രക്കാർ കെ.എസ്.ആർ.ടി.സിയുടെ സേവനം പ്രയോജനപ്പെടുത്തി. യോഗത്തിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, എഡിഎം അനു എസ്.നായർ, പമ്പ പോലീസ് സ്പെഷ്യൽ ഓഫീസർ എ.ആർ പ്രേംകുമാർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ട്രാക്ടറുകൾക്ക് നിയന്ത്രണമേർപ്പെടുത്തി

ശബരിമല: സന്നിധാനത്ത് രാത്രി 10.45 മുതൽ 11.15 വരെ ട്രാക്ടറുകൾക്ക് പോലീസ് നിയന്ത്രണമേർപ്പെടുത്തി. അയ്യപ്പന് ഹരിവരാസനം പാടി നട അടയ്ക്കുന്ന സമയത്ത് ട്രാക്ടറുകൾ കടന്നുവരുന്നത് ഭക്തർക്ക് അലോസരമുണ്ടാക്കുന്നു എന്ന പരാതിയെ തുടർന്നാണ് നടപടി.

ഇതേ സമയത്ത് നടയിലേക്ക് കൂട്ടമായി ഓടിയെത്തുന്ന അയ്യപ്പന്മാർക്ക് ട്രാക്ടർ കടന്നു വരുന്നത് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ഇതോടൊപ്പം തന്നെ നടപ്പന്തൽ വഴി ട്രാക്ടറുകൾ ഹോൺ മുഴക്കി കടന്നു വരുന്നതുകൊണ്ട് ഭക്തർ ഭയന്നു മാറേണ്ട സാഹചര്യവുമുണ്ടായിട്ടുണ്ട്.

നടപ്പന്തൽ വഴി വരുന്ന ട്രാക്ടറുകൾ ഹോൺ മുഴക്കുന്നത് അവസാനിപ്പിക്കുന്നതിനും വാഹനത്തിന്റെ സുഗമമായ നീക്കത്തിനൊപ്പം ഭക്തർക്ക് തടസ്സമുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും ഡ്യൂട്ടിയിലുള്ള പോലീസുകാർക്ക് അധികൃതർ നിർദേശം നൽകി.ഹരിവരാസനം പാടുന്ന സമയത്ത് കടന്നുവരുന്ന ട്രാക്ടറുകൾ നടപ്പന്തലിന് മുന്നിൽ നിർത്തിയിടുന്നതിന് ഇന്നു പുതുതായി ചുമതലയേൽക്കുന്ന പോലീസ് സംഘത്തിനും നിർദേശം നൽകുമെന്ന് ഉന്നതാധികാരികൾ അറിയിച്ചു.

## പരാധീനതകൾക്കിടയിലും അന്നമൂട്ടി പോലീസ് മെസ്സ്

ശബരിമല: പ്രതിദിനം രണ്ടായിരം പേർക്ക് മൂന്നുനേരം ഭക്ഷണം. അതും വയർ നിറയെ. പരാധീനതകൾക്കിടയിലും പരിഭവങ്ങളില്ലാതെ പോലീസ് അയ്യപ്പന്മാർക്ക് അന്നമൂട്ടി താരമാവുകയാണ് പോലീസ് മെസ്. മണ്ഡലകാലത്ത് ഭക്ഷണത്തിന് പ്രതിദിനം രണ്ടായിരം പേരെങ്കിലും മകരവിളക്കുകാലത്ത് ആളെണ്ണം മൂവായിരം കവിയും.

ഇഡ്ലി, ദോശ, പുട്ട്, ഉപ്പുമാവ്, ഊണ്, ആറുകൂട്ടം കറികൾ, പഴവർഗ്ഗങ്ങൾ, പായസം, ഹൽവ, ആഴ്ചയിൽ ഒരിക്കൽ വെജ് ബിരിയാണി, ചപ്പാത്തി, ബെഡ് കോഫി, ഈവനിംഗ് ടീ എല്ലാത്തിനുംകൂടി പ്രാതൽ മുതൽ അത്താഴം വരെ ദിനംപ്രതി ചിലവാകുന്നത് ആളൊന്നിന് 70 രൂപ മാത്രം. ഇതാണ് സന്നിധാനത്തെ പോലീസ് മെസ്. ഓഫീസർമാർക്കായി ഇതോടനുബന്ധിച്ച് പ്രത്യേക മെസ് പ്രവർത്തിക്കുന്നുണ്ടെങ്കിലും രണ്ടിടത്തും പാത്രങ്ങളിലെത്തുന്നത് ഒരേ ഭക്ഷണം.

ആഹാരത്തിൽ പോലും തത്വമസി ഭാവം കൊണ്ടുവന്ന പോലീസ് മെസിൽ പക്ഷേ പരാധീനതകളും കുറവല്ല. മുൻകാലത്ത് ദേവസ്വത്തിൽ നിന്നും ചിലവിനുള്ള തുക നൽകിയിരുന്നെങ്കിലും ഇപ്പോൾ സർക്കാർ നേരിട്ടാണ് മെസ് നടത്തുന്നത്.

പ്രതിദിനം 400 കിലോ അരി 150 കിലോ പുട്ടുപൊടി ഉൾപ്പെടെ ചെലവാകുന്ന മെസിൽ ഭക്ഷണം തയ്യാറാക്കുന്നത് ഇടുങ്ങിയ മുറിയിലാണ്.

പാചകപ്പുരയിൽനിന്നും ഭക്ഷണം പാത്രങ്ങളിലാക്കി കൊണ്ടുപോകുന്ന ഗതികേടാണ് മറ്റൊന്ന്. ഭക്ഷണശാലയ്ക്കുള്ളിൽ വിളമ്പുന്നതിനായി പ്രത്യേക സൗകര്യം തയ്യാറാക്കിയാൽ ഇതിന് അവസാനമാകും. മറ്റിടങ്ങളിൽ പാത്രം ശുചിയാക്കുന്നതിന് സ്റ്റീമർ സൗകര്യം ഏർപ്പെടുത്തുമ്പോൾ പോലീസ് മെസിനുകൂടി ഇത് പ്രാപ്തമാക്കണം.

800 ഇഡലി പാകമാക്കിയിരുന്ന സമയത്ത് സ്റ്റീമർ തകരാറിലായതിനാൽ ഇപ്പോൾ 250 ഇഡലി മാത്രമേ തയ്യാറാക്കാൻ കഴിയുന്നുള്ളൂ. അതിനാൽ മുമ്പ് പുലർച്ചെ ആരംഭിച്ചിരുന്ന ഇഡലി തയ്യാറാക്കൽ ഇപ്പോൾ തലേന്ന് രാത്രി  ഒൻപത് മണിമുതൽ ആരംഭിച്ച് രാവിലെ ഏഴ് മണിവരെ തുടരേണ്ട ഗതികേടിലാണ്. മെസിലെ ഭക്ഷണത്തിനെത്തുന്നത് 2000 ത്തോളം പേരാണെങ്കിൽ  ഇവിടെ സീറ്റിംഗ് കപ്പാസിറ്റി 150 പേർക്ക് മാത്രമാണ്. മെസ് പുതുക്കിപ്പണിയുമെന്ന് പറഞ്ഞിട്ടുള്ളതിനാൽ താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തിയാണ് മുന്നോട്ടു പോകുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

പത്തനംതിട്ട എസ്.പി ഭക്ഷണം വിതരണം ചെയ്യുന്നതിന് സ്റ്റീൽ പാത്രങ്ങൾ എത്തിച്ചു തന്നത് ആശ്വാസത്തോടെയാണ് മെസ് അധികൃതർ കാണുന്നത്. ശുചീകരണത്തിന്റെ കാര്യത്തിൽ പാചകക്കാർക്കായി ഗ്ലൗസ്, ഏപ്രൺ, ഷൂ, ക്യാപ്പ് തുടങ്ങിയവ പോലീസ് ആസ്ഥാനത്തുനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ പാചകവും വിതരണവും ശുചിത്വത്തോടുകൂടി നടത്തിവരുന്നു.

മെസ് പുതുക്കിപ്പണിയുമ്പോൾ പോലീസ് മെസ് അധികൃതരുടെ പ്രതിനിധികളുടെ അഭിപ്രായംകൂടി സ്വരൂപിച്ചാൽ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ ഏകീകരിക്കാനാകുമെന്ന് അധികൃതർ വ്യക്തിമാക്കി. സൗകര്യങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി അധികൃതർ സ്ഥലം അനുവദിക്കുമെന്ന പ്രതീക്ഷയോടെ മുന്നോട്ടു പോകുകയാണ് മെസ് ജീവനക്കാർ.

സംസ്ഥാന പോലീസിനൊപ്പം എൻഡിആർഎഫ്, ആർഎഎഫ് ഉൾപ്പെടെയുള്ള കേന്ദ്ര സേനകൾക്കും ഭക്ഷണം നൽകുന്ന മെസിൽ 75-ഓളം പോലീസ് കുക്കുകളാണ് ജോലിനോക്കുന്നത്. കാസർഗോഡുനിന്നും തിരുവനന്തപുരം വരെയുള്ള യൂണിറ്റുകളിൽനിന്ന് ജോലിക്കെത്തിയ ഇവർ പകലന്തിയോളം പണിയെടുത്താണ് പാചകം ചെയ്യുന്നത്. ആറു ഘട്ടങ്ങളായി ക്രമീകരിച്ചിട്ടുള്ള മെസ് ജോലിയിൽ പത്തുദിവസത്തിൽ ഒരിക്കൽ ഇവർ മാറിക്കൊണ്ടിരിക്കും.

പമ്പയിൽനിന്നും ട്രാക്ടറുകളിൽ എത്തിക്കുന്ന ലോഡ് ഒന്നിന് 1200 രൂപയാണ് വാങ്ങുന്നത്. സാധനങ്ങൾ വാങ്ങുന്നതും ട്രാക്ടറുകളിൽ പമ്പയിൽവച്ച് കയറ്റുന്നതും സന്നിധാനത്ത് ഇറക്കുന്നതുമെല്ലാം മെസ്കമ്മിറ്റിയിലെ 32 അംഗ പോലീസ് അയ്യപ്പന്മാരാണ്. കുട്ടിക്കാനം ആസ്ഥാനമായി പ്രവർത്തിക്കുന്ന കെഎപി അഞ്ചാം ബറ്റാലിയനിലെ അംഗങ്ങളാണ് മുൻവർഷത്തെപ്പോലെ ഇത്തവണയും മെസ് നടത്തിപ്പുകാർ. സംസ്ഥാന സർക്കാർ മെസിന്റെ പ്രവർത്തനങ്ങൾക്കായി ഒരുകോടി രൂപയാണ് കഴിഞ്ഞതവണ നൽകിയത് ഇതിൽ ചെലവായത് കിഴിച്ച് 15 ലക്ഷം രൂപ തിരിച്ചടച്ചു. ഇക്കുറിയും ഒരുകോടി രൂപ മെസ് പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ടെങ്കിലും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ഭക്ഷണം വയർ നിറയെ നൽകുക എന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്.

ഡിവൈഎസ്പി മാത്യുതോമസാണ് മെസിന് ചുക്കാൻ പിടിക്കുന്നത്. സിഐ ജയകുമാറിന്റെ നേതൃത്വത്തിൽ എസ്ഐമാരായ മാത്യു, രാജ്കുമാർ, തോമസ് എന്നിവരും ഹെഡ്കോൺസ്റ്റബിൾ അനിൽകുമാറും സംഘവുമാണ് മെസ് മുന്നോട്ടു നയിക്കുന്നത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ഡിസംബർ<br>DECEMBER 07 | 2016 |



## ശബരിമല പത്രക്കുറിപ്പ് (2)

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### അയ്യനെ തൊഴാൻ കാട്ടുകനികളുമായി ഇത്തവണയും കാട്ടുമക്കളെത്തി

കാടുംമേടും തേടിയലഞ്ഞ് ശേഖരിച്ച കാട്ടുകനികൾ അയ്യന് നേർച്ചയായി നൽകി വണങ്ങാൻ ഇത്തവണയും 101 അംഗ ആദിവാസി സംഘം സന്നിധാനത്ത് എത്തി. അഗസ്ത്യാർകൂട മലനിരകളിലെ കോട്ടൂർ ഗ്രാമത്തിൽ നിന്നുമാണ് ഇവർ ശബരീശ സന്നിധിയിൽ എത്തിയത്. കാട്ടുതേൻ, കദളിക്കുല, കാട്ടുകുന്തിരിക്കം, ഈറ്റ-മുള ഉത്പന്നങ്ങൾ എന്നിവയാണ് ഇവർ അയ്യന് കാണിക്കയായി സമർപ്പിച്ചത്. അഞ്ചു വയസ്സു മുതൽ 70 വയസ്സുള്ളവർ വരെ ഉണ്ടായിരുന്ന സംഘത്തിൽ 33 കുട്ടികളും സ്ത്രീകളും ഉണ്ട്.

കാണിക്കാർ വിഭാഗത്തിൽപ്പെടുന്ന ഇവർ അഗസ്ത്യകൂട വനാന്തരങ്ങളിലെ പാറ്റാംപാറ, പ്ലാവിള, പൊത്തോട്, കമലകം, പൊടിയം, മുക്കോത്തവയൽ, പാങ്കാവ്, ആയിരംകാൽ, കുന്നത്തേരി, ചോനാംപാറ, കൊമ്പ സെറ്റിൽമെന്റുകളിൽ നിന്നാണ് എത്തുന്നത്. കാട്ടിനുള്ളിലെ ക്ഷേത്രത്തിൽവച്ച് കെട്ട് നിറച്ച് വിവിധ വഴികളിലൂടെ യാത്രചെയ്യുന്ന സംഘം മുങ്ങണി ക്ഷേത്രത്തിൽ ഒരുമിക്കുന്നു. ഇവരെ യാത്രയാക്കാൻ എത്തുന്ന ബന്ധുമിത്രാദികൾ ഇവർ മടങ്ങിവരും വരെ കെട്ടു നിറച്ച കളങ്ങളിൽ (ക്ഷേത്രങ്ങളിൽ) കെടാവിളക്ക് തെളിച്ച് ഇവരുടെ സുരക്ഷക്കായി പൂജയും മറ്റുമായി കഴിയും. അയ്യപ്പൻമാർക്ക് കാവലാളായി പോകുന്ന കാലാട്ടുതമ്പുരാനെയും അറപ്പുറത്ത് മാർത്താണ്ഡവേലൻ മുത്തനെയും ഇളങ്കോടിച്ചാവുകളെയും പ്രീതിപ്പെടുത്താനാണ് ഇവർ പടുക്കവെച്ച് പൂജചെയ്ത് തങ്ങുന്നത്.

കോട്ടൂരിൽ നിന്നും വാഹനയാത്രയിൽ ഏർപ്പെടുന്ന അയ്യപ്പൻമാർ കൊട്ടാരക്കര ഗണപതിക്ഷേത്രം, പന്തളം വലിയകോയിക്കൽ ധർമശാസ്താംക്ഷേത്രം, നിലയ്ക്കൽ മഹാദേവക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിൽ ദർശനം നടത്തി വഴിപാടുകളും നേർന്നശേഷമാണ് പമ്പയിൽ എത്തുക. പമ്പ മുതൽ സന്നിധാനം വരെ ഇവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, എ ഡി ജി പി സന്ധ്യ എന്നിവർ പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട്. സന്നിധാനത്ത് ഇവർക്ക് സൗജന്യ താമസവും ഒരുക്കിയിട്ടുണ്ട്.

